പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.940**

09/08/2017-ൽ മറുപടിയ്ക്ക്

**നോക്കു കൂലി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സണ്ണി ജോസഫ്: | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഈ മന്ത്രി സഭയിലെ ഒരംഗം തന്നെ നോക്കുകൂലിക്കെതിരെ പരസ്യമായി രംഗത്ത് വരികയും നോക്കുകൂലി ചോദിക്കുന്നവരെ ജനങ്ങൾ കൈകാര്യം ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നോ; എങ്കിൽ അതിനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ; | എ) | കയറ്റിറക്കുമായി ബന്ധപ്പെട്ട് നോക്കുകൂലി ആവശ്യപ്പെട്ട വിഷയത്തിൽ വാർത്തകളും പ്രസ്താവനകളും മാധ്യമങ്ങളിൽ വന്നിരുന്നതു ശ്രദ്ധിച്ചിരുന്നു. |
| ബി) നോക്കുകൂലിക്കെതിരെ ഗുണ്ടാ നിയമ പ്രകാരം കേസെടുക്കണമെന്ന് 2014 ഡിസംബർ 4 ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് നോക്കുകൂലിയുടെ പേരിൽ നടക്കുന്ന പിടിച്ചുപറിക്കെതിരെ ക്രിയാത്മക നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | ബി) | ബഹു. ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നോക്കുകൂലിക്കെതിരെ ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ